ഉൽപ്പാദിപ്പിക്കുന്നു. ഇതെല്ലാം ഉണ്ടായിട്ടും ഇൻഡ്യാ ഗവൺമെന്റ് ഈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ, ഇറക്കുമതി കണ്ടില്ല കേട്ടില്ല എന്ന് നടിക്കുന്നത് ശരിയല്ല. അതുകൊണ്ടാണ് കേരളത്തിൽ നിന്നുള്ള പാർലമെന്റ് മെമ്പർമാർ അങ്ങനെ ഒരു തീരുമാനം എടുത്തത്. മാത്രമല്ല ഇന്നു രാവിലെ ഞാൻ മുഖ്യമന്ത്രിയുമായി സംസാരിച്ചു. മുഖ്യമന്ത്രി കേന്ദ്രത്തിൽ അവരുമായി സംസാരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഏതായാലും കേരളത്തെ സംബന്ധിച്ചിടത്തോളം, കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം റബ്ബർ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പ്രശ്നമാണ്. കേരള ഗവൺമെന്റ്, കേരള ജനത ഒന്നിച്ച് എതിർക്കണം ഇതിൽ മാറ്റം വരുത്തണം. ഇതിന് ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ കേരളത്തിന്റെ മൊത്തം വികാരം കേന്ദ്രത്തെ അറിയിക്കാൻ ഈ സഭയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു പ്രമേയം കൊണ്ടു വന്ന് പാസാക്കി റബ്ബർ ഇറക്കുമതി നിരോധനം എത്രയും വേഗം പുനഃസ്ഥാപിക്കുന്നതിന്, സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ.

മി. സ്പീക്കർ : മന്ത്രി മറുപടി പറയുന്നതിനു മുൻപ്, പാർലമെന്ററി അഫയേഴ്സ് മന്ത്രി പ്രതിപക്ഷവുമായി ഡിസ്ക്കസ് ചെയ്ത് പറയും. This is a very serious issue in which they will also agree. നമുക്ക് സഭയുടെ ഏകകണ്ഠമായ വികാരം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

## III സബ്മിഷൻ

### (1) ബാരിസ്റ്റർ ജി.പി. പിള്ളയുടെ സ്മരണ നിലനിർത്താൻ നടപടി

ശ്രീ. പിരപ്പൻകോട് മുരളി : സർ, ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാവും മഹാത്മാഗാന്ധിയുടെ ആത്മകഥയിൽ ആദരവോടുകൂടി പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഏക മലയാളിയുമായ ബാരിസ്റ്റർ ജി.പി. പിള്ളയുടെ ചരമശതാബ്ദി വർഷമാണ് ഈ വർഷം. 1864-ൽ ജനിച്ച് 1903-ൽ മരിച്ച് 39 വയസ്സുവരെ മാത്രം ജീവിച്ചിരുന്ന മഹാനായ ആ മനുഷ്യൻ തിരുവനന്തപുരത്താണ് ജനിച്ചത്. അദ്ദേഹം 1886 മുതൽ കോൺഗ്രസിന്റെ ദേശീയ സെക്രട്ടറിയായിരുന്നു. പത്രപ്രവർത്തനത്തിന്റെ പേരിൽ 18-ാം വയസ്സിൽ തിരുവിതാംകൂറിൽ നിന്ന് ആദ്യമായി നാടുകടത്തപ്പെട്ട ദേശാഭിമാനിയും ജി. പി. യാണ്. Petition Platform Press എന്ന ആധുനിക പ്രക്ഷോഭ ശൈലിയുടെ ഉപജ്ഞാതാവ് എന്ന നിലയിലും ഗ്രന്ഥകാരൻ എന്ന നിലയിലും, വിദ്യാഭ്യാസ ഉദ്യോഗ രംഗങ്ങളിൽ സംവരണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റിനു സമർപ്പിച്ച 1891-ലെ മലയാളി മെമ്മോറിയലിന് രൂപം കൊടുക്കുകയും 1896-ലെ ഈഴവ മെമ്മോറിയലിന് സഹായിയായി പ്രവർത്തിക്കുകയും സ്വാമി വിവേകാനന്ദന്റെ സഹായത്തോടുകൂടി ബ്രിട്ടീഷ് പാർലമെന്റിൽ തിരുവിതാംകൂറിലേയും മലബാറിലേയും ഈഴവാദി, പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുകയും ചെയ്ത മഹാനായ

മനുഷ്യനാണ് അദ്ദേഹം. Madras Standard-ന്റെ പത്രാധിപരായ ജി.പി. ഗ്രന്ഥകാരൻ എന്ന നിലയിലും അങ്ങേയറ്റം ആദരണീയനാണ്. ഈ ചരമശതാബ്ദി വർഷത്തിൽ അദ്ദേഹത്തിന് സമുചിതമായ സ്മാരകം നിർമ്മിക്കണം എന്ന് ഞാനഭ്യർത്ഥിക്കുന്നു. അതിന്റെ ഭാഗമായി വി.ജെ.ടി. ഹാളിൽ നിന്നും എടുത്തുമാറ്റിയ അദ്ദേഹത്തിന്റെ ചിത്രം പുനസ്ഥാപിക്കണം. തിരുവനന്തപുരത്ത് ഉചിതമായ സ്ഥാനത്ത് അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുകയും ഗ്രന്ഥങ്ങളും മുഖപ്രസംഗങ്ങളും പുനഃപ്രസിദ്ധീകരിക്കുകയും വേണം. ഈ കാര്യങ്ങൾ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുകയും ഇതിന് ആവശ്യമായ ഒരു സ്മാരക സമിതിയെ ബന്ധപ്പെട്ടവരുമായി ആലോചിച്ചു രൂപീകരിക്കുവാൻ മുൻകൈയെടുക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായൻ) : സർ, ബാരിസ്റ്റർ ജി.പി. പിള്ള കേരളവും ഭാരതവും ബഹുമാനിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിനുവേണ്ടി ഒരു സ്മാരക സമുച്ചയം നിർമ്മിക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ : ഇതെല്ലാം ഗവൺമെന്റാണോ, അതോ ആളുകളാണോ ചെയ്യേണ്ടത്. പ്രതിമകളൊക്കെ ചെയ്യേണ്ടത് ആളുകളല്ലേ. ജനപിന്തുണയുള്ള ആളുകളാണ് ചെയ്യേണ്ടത്.

**(2) കണ്ടശ്ശേരിയിൽ നാരായണന്റെ അപകടമരണം**

ശ്രീ. കെ. ബാബു : സർ, തൃപ്പുണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂർ പഞ്ചായത്തിൽ പരവൂർ എന്നു പറയുന്ന സ്ഥലത്ത് കഴിഞ്ഞ 25-ാം തീയതി രാത്രി മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന ഒരു തൊഴിലാളി വേമ്പനാട്ടു കായലിൽ വച്ച് ദാരുണമായി ബോട്ടിടിച്ച് മരിക്കുകയുണ്ടായി. ജലഗതാഗതവകുപ്പിന്റെ ബോട്ടിടിച്ചാണ് മരിച്ചത്. ആ ബോട്ടിൽ ജീവനക്കാർ ലൈറ്റിട്ടിരുന്നില്ല. ദാരുണമായാണ് അയാൾ മരിച്ചത്. മാത്രമല്ല ഈ ബോട്ട് നിർത്താതെ പോയി. കൂടെയുണ്ടായിരുന്ന ആളുകളെ രക്ഷപ്പെടുത്താൻപോലും അവർ താൽപ്പര്യം കാണിച്ചില്ല. കൊല്ലപ്പെട്ട നാരായണന്റെ മൃതദേഹം പല തുണ്ടുകളായി ചിതറിപ്പോവുകയുണ്ടായി. ആദ്യം കൈ കിട്ടി. പിന്നെ മറ്റുപല ഭാഗങ്ങളും കിട്ടി. ഈ സംഭവത്തെക്കുറിച്ച് ഗൗരവമായി അന്വേഷിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ആകെ രണ്ടുസെന്റ് സ്ഥലത്തിൽ മാത്രം താസിക്കുന്ന വളരെ പാവപ്പെട്ട മത്സ്യതൊഴിലാളിയുടെ കുടുംബം നിരാലംബമായിരിക്കുകയാണ്. ഇതിനെക്കുറിച്ച് അന്വേഷിക്കുകയും ആ കുടുംബത്തിന് അടിയന്തിരമായി സഹായം നൽകുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, വളരെ ദാരുണമായ സംഭവമാണ് അവിടെയുണ്ടായത്. ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly